24/9/2020

File No.IGR/4437/2020-RR6

G1/3425/2020

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 28/09/2020

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

ജില്ലാ രജിസ്ട്രാർ(ജനറൽ),
കാസർഗോഡ്.

സർ,

വിഷയം:- രജി.വകുപ്പ്-പ്രത്യേക വിവാഹ രജിസ്ട്രേഷൻ-സ്പഷ്ടീകരണം നൽകുന്നത്-സംബന്ധിച്ച് -

സൂചന :- താങ്കളുടെ 26-08-2020 തീയതിയിലെ ജി1-2933/20 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കാസറഗോഡ് സബ് രജിസ്ട്രാർ ആഫീസിൽ പ്രത്യേക വിവാഹ രജിസ്ട്രേഷനായി സമർപ്പിച്ച, അഡ്വക്കേറ്റ് നോട്ടറി അറ്റസ്റ്റ് ചെയ്ത ഫോട്ടോ പതിപ്പിച്ച അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശത്തിനായാണ് സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

12-04-2018 തീയതിയിലെ എസ്.ആർ.ഒ 262/2018 നമ്പരായി 28/04/2018 ലെ 1153-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 12/04/2018 തിയതിയിലെ ജി.ഒ.(പി).4/2018/നിയമം. നമ്പർ ഉത്തരവ്പ്രകാരമുള്ള വിജ്ഞാപനത്തിലൂടെ 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ ചട്ടം 4(ഇ)യായി കൂട്ടിച്ചേർത്ത ഭേദഗതിയിലാണ് ഫോട്ടോ, നോട്ടീസിനൊപ്പം വിവാഹ ആഫീസർക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കിയിരിക്കുന്നത്. ടി വിജ്ഞാപന പ്രകാരമുള്ള ഭേദഗതി ഇപ്രകാരമാണ് . "വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ , ഒരു ഗസറ്റഡ് ആഫീസർ യഥാവിധി സാക്ഷ്യപ്പെടുത്തിയ അവരുടെ രണ്ട് സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫുകൾ, ആയത് വിവാഹ നോട്ടീസ് ബുക്കിലും വിവാഹ സാക്ഷ്യപത്ര ബുക്കിലും ഒട്ടിക്കുന്നതിനായി ഉദ്ദിഷ്ട വിവാഹം സംബന്ധിച്ചുള്ള നോട്ടീസിനൊപ്പം വിവാഹ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ് ." ടി ഭേദഗതിയിൽ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ നോട്ടറി അറ്റസ്റ്റ് ചെയ്ത ടി അപേക്ഷ സ്വീകരിക്കേണ്ടതില്ലായെന്ന് കാണുന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signature valid
Digitally signed by P.K.SAJANKUMAR
Date 2020 09 28 16:39:23 IST
Reason Approved

P. K. SAJANKUMAR
JOINT INSPECTOR GENERAL
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

Scanned by CamScanner